# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒളവിലം യു. പി സ്കൂൾ

# ആമുഖം

കണ്ണൂർ ജില്ലയുടെ തെക്കേ അറ്റത്ത് മാഹിയോട് ചേർന്ന് കിടക്കുന്ന ഒളവിലം പ്രദേശത്താണ് ഒളവിലം യു.പി സ്ഥിതി ചെയ്യുന്നത്. 1917 ൽ ആരംഭിച്ച ഈ വിദ്യാലയം ഈ പ്രദേശത്തെ സാമൂഹിക സാംസ്കാരിക രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 1947-ലെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ ഈ വിദ്യാലയ മുറ്റത്താണ് നാട്ടുകാർ ചേർന്ന് ദേശീയ പതാക ഉയർത്തിയത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരേ പോലെ മികവ് കൈവരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ ഞങ്ങൾക്ക് കഴിയുന്നു. കായിക, കലാ, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയ ഈ വർഷത്തിൽ സ്പെഷലിസ്റ്റ് അധ്യാപകരുടെ അഭാവം ഞങ്ങളെ വലയ്ക്കുന്നു എന്ന കാര്യവും ഇവിടെ സൂചിപ്പിക്കട്ടെ.

കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ മികച്ച ഒരു ലൈബ്രറി സ്കൂളിനുണ്ട്. വിശാലമായ കളിസ്ഥലവും കുടിവെള്ളത്തിനായി കിണറും ഞങ്ങൾക്കുണ്ട്. കുട്ടികളുടെ കായിക ആരോഗ്യത്തിന് ഇവ സഹായിക്കുന്നു. വൈവിധ്യമാർന്ന സസ്യങ്ങൾ നിറഞ്ഞ കോമ്പൗണ്ട് ഉണ്ട്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ ഞങ്ങൾ നട്ടുപിടിപ്പിച്ച ഔഷധത്തൈകളും, പുഷ്പഉദ്യാനവും സംരക്ഷിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല.

ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ ഞങ്ങളെ വല്ലാതെ വലയ്ക്കുന്നുണ്ട്. എങ്കിലും ഞങ്ങളുടെ പരിമിതികളെ മറികടന്ന് പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. ഹൈ-ടെക് ക്ലാസ് മുറികളോ, ലാബുകൾക്ക് പ്രത്യേക സ്ഥലമോ ഞങ്ങൾക്കില്ല. ചുറ്റുമതിലുകളും മുറ്റത്തേക്ക് വെള്ളം കെട്ടിനിൽക്കാതെ ഒഴുകി പോകാനുള്ള സൗകര്യവും ഒരുക്കേണ്ടതുണ്ട്.

ഞങ്ങൾ ഈ വർഷം മെയ് മാസത്തിൽ തന്നെ 2025-26 അധ്യയന വർഷം ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളെപ്പറ്റി SRG ചേർന്ന് ആസൂത്രണം ചെയ്തു. ഓരോ ക്ലാസിന്റെയും (LP) വിഷയാടിസ്ഥാനത്തിലും മാസ്റ്റർ പ്ലാൻ കരട് തയ്യാറാക്കി. അതിൽ നിന്നും ക്രോഡീകരിച്ച് ഞങ്ങൾ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളും, പഠന വിഷയത്തിന് കൂടുതൽ മുൻഗണന നൽകണമെന്നും തീരുമാനിച്ചു. നിലവിലുള്ള കുട്ടികളുടെ അവസ്ഥ പഠനം തയ്യാറാക്കി വച്ചി. മാസ്റ്റർ പ്ലാൻ തയ്യാറാക്കി. സ്കൂൾ തുറന്നതിന് ശേഷം നിലവിലുള്ള കുട്ടികൾക്കും പുതുതായി ചേർന്നവർക്കും ഞങ്ങൾ പ്രീടെസ്റ്റ് നടത്തി. കുട്ടികളെ സമഗ്രമായി പഠിച്ച് ടെസ്റ്റ് കൊണ്ട് ഞങ്ങൾ പിന്നോക്കാവസ്ഥയുള്ള കുട്ടികൾ, നിലവാരമുള്ളവർ, ഉയർന്ന നിലവാരമുള്ളവർ എന്നിവരെ കണ്ടെത്തി.

ഗണിതം, ഇംഗ്ലീഷ്, മലയാളം എന്നതിന് പുറമെ സാമൂഹ്യശാസ്ത്രത്തിനും കൂടുതൽ മുൻഗണന നൽകി, പഠന നേട്ടങ്ങൾ കുട്ടികളിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. SGVS-ൽ ചർച്ച ചെയ്തു.

എല്ലാ ദിവസവും പിന്നോക്ക നിലവാരമുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ് നൽകുന്നു. പ്രത്യേക വർക്ക്ഷീറ്റ് നൽകി വിലയിരുത്തുന്നുണ്ട്. ആ മാസത്തിൽ ഒരു ശനിയാഴ്ച ഞങ്ങൾ ഒരു ദിവസം പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. കാലാവസ്ഥ അനുകൂലമുള്ള ദിവസത്തിൽ സ്കൂളിൽ പ്രവർത്തിക്കാം എന്ന് തീരുമാനിച്ചു.

ഞങ്ങൾ ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. മധുരം മലയാളം - ഭാഷാശേഷി വികസനം
2. ലളിതം ഗണിതം - ഗണിതശേഷി വികസനം
3. ഉണർവ്വ് - കായികശേഷി വികസനം
4. പിറന്നാൾ തൈ / പുസ്തകം
5. ശില്പശാലകൾ
6. പത്രവായന - പത്രക്വിസ്
7. ദിനാചരണങ്ങളിലെ വൈവിധ്യം
8. പാഠ്യേതര മികവുകൾ, പരിശീലനങ്ങൾ
9. വിവിധ മേളകൾ - മികവ് നേടൽ
10. മൂല്യനിർണ്ണയം.

# ഒന്നാം തരം

I STD A. M. P

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ഒന്നാം ക്ലാസ് മുതൽ ഗണിതത്തിനോട് താൽപര്യം ജനിപ്പിക്കുന്നത് വഴി അത്യാവശ്യമായ ഗണിതം കൂട്ടുവാൻ സാധാരണമാവട്ടെ.

### ലക്ഷ്യങ്ങൾ

- മൂർത്ത വസ്തുക്കളിലൂടെയുള്ള ഗണിത-പഠനം.
- ഒറ്റ സംഖ്യകളുടെ സങ്കലനം വ്യവകലനം
- രണ്ടക്ക സംഖ്യയിൽ നിന്നു ഒറ്റസംഖ്യകളുടെ സങ്കലന, വ്യവകലന ക്രിയകൾ.
- ഒറ്റ സംഖ്യകൾ, ഇരട്ടസംഖ്യകൾ എന്നിവ തിരിച്ചറിയൽ.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- ഒറ്റക്ക സംഖ്യ, രണ്ടക്ക സംഖ്യ എന്നിവകൾ സ്ഥാനം നിർണ്ണയിക്കുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാ കാർഡ്, മൂർത്തവസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള പഠനം.

### ജൂലൈ.

- ഗണിതകിറ്റ് തയ്യാറാക്കുന്നു.

### ആഗസ്റ്റ്.

- 1 to 20 സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### സെപ്തംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റസംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം
- ഒന്നിനോടൊന്ന് കൂട്ടിയാൽ രണ്ടെന്ന് കിട്ടുമെന്ന ധാരണ ലഭിക്കുന്നു.

### ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നു

• ഒന്നിടവിട്ട സംഖ്യകളെ ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്

**നവംബർ**

• സ്വാഗതഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു

• ഒരക്ക, രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനം

**ഡിസംബർ.**

• സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നു.

**ജനുവരി**

• ഒരക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം.

• സങ്കലന വ്യവകലന, ചിഹ്നങ്ങൾ തിരിച്ചറിയുന്നു

**ഫെബ്രുവരി**

• ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

• സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു

# രണ്ടാം തരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ (മലയാളം Std 2)

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് സ്കൂൾതല 'മാസ്റ്റർ പ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നത്.
- രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന

ഉറപ്പാക്കുന്നു.

- ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകൂടാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി. എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തനലക്ഷ്യം

• രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

### ജൂൺ

• ചിത്ര കാർഡുകൾ നൽകൽ (ചിത്ര (ചിത്രവും പദവും ഉൾക്കൊണ്ട്).

• ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ

• വായനാ സാമഗ്രികൾ നിർമ്മിക്കൽ

• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ജൂലൈ

• ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

• സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ആഗസ്റ്റ്

• ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.

- രക്ഷിതാക്കളുടെ സഹായം ഉറപ്പ് വരുത്തൽ
- വീടിനെപ്പറ്റി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

---

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

---

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മാർഗ്ഗങ്ങൾ നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം).
- ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ ശ്രമിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം എഴുത്ത്).
- കുട്ടികളിൽ ~~സ്വതന്ത്ര~~ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം

ഒരുക്കൽ.

മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# മൂന്നാം തരം

# ഒളവിലം യു.പി സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകർ | അധ്യാപകർ |
| | അമ്മ വായന<br>അമ്മമാരുടെ വായനാ കുറിപ്പുകൾ സിപിടിഎ കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സിപിടിഎ | ഇല്ല |
| | വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | സിപിടിഎ |
| | | | | |

| | | | | |
|---|---|---|---|---|
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ | ജൂൺ | | |
| | ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ | അധ്യാപകർ | സിപിടിഎ |
| അക്ഷരം തെറ്റാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | ആഗസ്റ്റ് 9 നാഗസാക്കി ദിനം | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15<br>സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | | |
| | സെപ്റ്റംബർ 5<br>അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ | | |
| | ഒക്ടോബർ 2<br>ഗാന്ധിജയന്തി കുറി-<br>പ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ 10<br>ദേശീയ തപാൽദിനം | ഒക്ടോബർ | | |
| | നവംബർ 14<br>ശിശുദിനം | നവംബർ | | |

| | | | | |
|---|---|---|---|---|
| സർഗാത്മക പ്രകടനം | കുട്ടികൾ തയാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സിപിടിഎ | അധ്യയന വർഷം മുഴുവൻ | സിപിടിഎ | ഉണ്ട് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ- ജൂലൈ | അധ്യാപകർ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകർ | ഇല്ല |
| | * നാണയങ്ങൾ, കറൻസി നോട്ടുകൾ<br>* പാറ്റേണുകൾ<br>(ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപകർ, കുട്ടികൾ | സി പി ടി എ |
| | | | | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ | ഇല്ല |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | * മനഃ ഗണിതങ്ങൾ<br>* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകർ കുട്ടികൾ | ഇല്ല |
| ഗുണനവസ്തുതകൾ നേടൽ | * മനഃ ഗണിതങ്ങൾ<br>* മഞ്ചാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപകർ, കുട്ടികൾ, പിടിഎ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>* ഐസിടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെകുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാനസംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ ജൈവവൈവിധ്യഉദ്യാനം) | ജൂൺ - ജൂലൈ | അധ്യാപകർ | ഇല്ല |
| പ്രകൃതി സംരക്ഷണം | * മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>* മഴക്കുഴി നിർമ്മാണം | ആഗസ്റ്റ് - സെപ്റ്റംബർ | * അധ്യാപകർ<br>* പിടിഎ | * പിടിഎ |

| | | | | |
|---|---|---|---|---|
| | *വിദ്യാലയങ്ങളിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മസേനക്ക് കൈമാറൽ | | *ഹരിത- കർമ്മസേന- പി ടി എ | |
| വ്യക്തി ശുചിത്വം | * കൈ കഴുകൽ- പരിശീലനം<br>* പോസ്റ്റർ നിർ- മാണം<br>ശുചിത്വ സന്ദേശ- ങ്ങൾ വിദ്യാലയ- ത്തിലെ വിവിധ- ഇടങ്ങളിൽ പതി- ക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകർ, കുട്ടികൾ | പി ടി എ<br>ഇല്ല |
| | | | | |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | * PRE TEST<br>* write simple words | June-July | Teacher, students | PTA |
| To study, write and read simple words | circle the word from TB and read | August-september | Teacher, students | Nil |
| create more opportunities for English speaking in class room | class room communication should be in English like may I drink some water?<br>May I go to bathroom? | Academic year | Teacher, students, Parents | Nil |

| | | | | |
|---|---|---|---|---|
| | * Hello.<br>* Hello everyone.<br>* Good morning.<br>* Good morning everyone.<br>* Good morning class<br>* Good afternoon everyone<br>* How are you?<br>* How are you all?<br>* How are you today?<br>* Let me take attendance etc | | | |

# നാലാം തരം

Academic Master Plan English LP
2025-26

Aim : To speak, Read and write English without any mistakes.

Time - June, July, August

June
Pretest
To develop listening Skills and reading skills
Listening Skills:
· Games
· Action Songs, conversations, Skit, Short Stories, Using ICT

Speaking Skills
Games, Action Songs, Descriptions, growing sentences, picture reading, picture description, self introduction Assembly speech activities, book review, quiz riddles, self introduction, School radio etc.

July & August

Reading Skills
· News paper reading, library books reading, book review, reading breaking news, find words.

collect and read past tense, rhyming words, describing words etc.
Text book activities.

Writing Skills
· Make word web, picture description, word chain sentence chain, make words and sentences, make riddles conversations, Add more lines, develop story, description, notice proclamation, diary, letters, Announcement, magazines.

# LP-EVS Academic Master Plan - 2025-26

## പരിസരപഠനം - IV ാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിസംരക്ഷണം നിരീക്ഷണം – അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | |
| ശാസ്ത്രീയ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പരീക്ഷണങ്ങൾ - മേള സംഘടിപ്പിക്കൽ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര ബോധം ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | സയൻസ് പാർക്ക് വഴി നിരീക്ഷണ ശേഷി പഠനോപകരണങ്ങൾ ഒരുക്കൽ | ആവശ്യാനുസരണം | HM ക്ലാസ് ടീച്ചർ | |
| ആരോഗ്യശീലം ഭക്ഷണം - ഇലക്കറി വിഭവം ആഹാര ശീലങ്ങൾ | അടുക്കള തോട്ടം ഔഷധ തോട്ടം ജൈവകൃഷി നിർമ്മാണം | വർഷത്തിലൊന്ന് | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ<br>നേടിയ അറിവുകളുടെ<br>പ്രയോഗം | പതിപ്പ്, ചാർട്ട്<br>ആൽബം, നിശ്ചലമാതൃകകൾ<br>പഠനോപകരണം,<br>പരീക്ഷണ ഇവയുടെ<br>പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പഠന സംരം-<br>ഭങ്ങൾ | ശാസ്ത്ര പഠനവുമായി<br>ബന്ധപ്പെട്ട വാർത്തകൾ<br>ചിത്രങ്ങൾ എന്നിവ<br>പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| | | | | |

Malayalam – IV

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സഹായത്തിന് |
|---|---|---|---|---|
| ഭാഷാ പാരമ്പര്യ വിജ്ഞാനം - അവയുടെ പരിപാലനം | ഭാഷാ പാരമ്പര്യ വിജ്ഞാനം നിലനിർത്താൻ ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു- വരെ | ക്ലാസ് ടീച്ചർ | |
| വായിക്കാം വളരാം വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | P T A |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പ്രധാന ആശയങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം കേട്ടറിയാം - അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ -വീഡിയോകൾ സംഘ- ടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ആരോഗ്യശീലം. നമ്മുടെ പോഷകാഹാരങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള – പോഷക ഗുണങ്ങളിലെ പരിചയ നിർമ്മാണം കുറിപ്പൊരുക്കൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | |
| കലാക്ലബ് പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ പരിചയപ്പെടൽ | പ്രശസ്തരായ കലാകാരന്മാരുടെ ജീവിതം ക്ലാസ് മുറിയിലേക്ക് കലാരൂപങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM class leader. | PTA |
| സർഗ്ഗോത്സവം. ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM Class leader | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മലയാളം

2025- 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കണം. വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് :- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താവായന – പത്രം, ആഴ്ചപ്പതിപ്പ് എന്നിവ വായിക്കുവാൻ അവസരം നൽകുകയും കുറിപ്പ് രൂപത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. | എല്ലാദിവസവും | | |

| | | | | |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ഉപന്യാസങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | സ്കൂൾ | പി.ടി.എ |

Academic Master Plan 2025-26

English UP

| Aim | Activities | Month | Responsible Person | Resource Source |
|---|---|---|---|---|
| To encourage Listening & Speaking. Introduce different genres, Enhance vocabulary. Enhance listening skills. | Interactive Story telling sessions discussing themes, Characters and plot to enhance listening skills. Group discussions and role-plays to improve speaking skills. Vocabulary games and exercises to build word knowledge. | June | English Teachers | English Club |
| To encourage Reading. Develop basic reading, writing, Listening and Speaking skills. | Interactive Reading Circles: Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels. | | | |
| Cultivate effective Communication skills for various | Each group read assigned text together and discusses key | | | |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| Contexts. | elements like plot, characters, and themes. | | | |
| | Encourage Students to take turns reading aloud and Share their interpretations and reactions to the text. | July | | |
| | After discussions, each group presents a Summary or analysis of their assigned text to the Class. | | | |
| | Guided reading sessions with comprehension questions. | | | |
| | Listening comprehensions exercises using Adaudio's Stories. | | | |
| | Debates and presentations for advanced speaking practice. | August December. | | |
| | Expanding vocabulary with contexts clues from passage. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ: ഹിന്ദി അക്ഷരം വ്യക്ത ആരംഭിക്കുന്നതിനാൽ ഹിന്ദി അക്ഷരങ്ങൾ എഴുതാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പരിചിതപ്പെടുത്തുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന, ചിത്രവായന, ചിത്രകഥ തുടങ്ങിയവ കാണിക്കൽ | ജൂൺ — ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| 2 ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ സ്ക്രീനിൽ കാണിക്കും (അതും ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും) | ജൂൺ — ഫെബ്രുവരി | | |

| | | | | | |
|---|---|---|---|---|---|
| 3. ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള അക്ക പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സിൽ ഉപയോഗിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കാൻ ദിവസങ്ങൾ കണ്ടെത്തും. ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ ശരിയാക്കി വായിക്കും. മത്സരവായന സംഘടിപ്പിക്കും. | ജൂൺ — ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | | |
| 4. ഹിന്ദി സിനിമ, വീഡിയോ, ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കും. | ഒഴിവുസമയങ്ങളിൽ ഹിന്ദിഭാഷയോടുള്ള ഇഷ്ടം വർദ്ധിക്കുംവിധം സിനിമ, ഡോക്യുമെന്ററികൾ, വീഡിയോകൾ പ്രദർശിപ്പിക്കും | ജൂൺ — ഫെബ്രുവരി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പങ്കാളിത്തങ്ങൾ |
|---|---|---|---|
| എല്ലാ കുട്ടികളും ഭാഷ വായിക്കാനും എഴുതാനും ഉള്ള ശേഷി വർധിപ്പിക്കൽ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ to മാർച്ച് | അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ |
| അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ പഠിക്കുക | പതിപ്പുകൾ, മാസികകൾ, പണിശാല, സാംസ്കാരികാചരണം, അസംബ്ലി ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ് പദപയറ്റ്, ചോദ്യോത്തരപയറ്റ് നിഘണ്ടു നിർമ്മാണം, | | |

| | | | |
|---|---|---|---|
| ആശയങ്ങൾ തന്റേതായ രീതിയിൽ പ്രകടിപ്പിക്കുന്നതിനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>കുട്ടികളും അർത്ഥം പൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>ഭാഷാശേഷി വർധിപ്പിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തൽ | പോസ്റ്റർ നിർമ്മാണം.<br>കഥ, ഉപന്യാസം രചന, അവതരണം.<br>വിവിധ സാഹിത്യ ശാഖാ പരിചയം — കഥ, കവിത, സുഭാഷിതം<br>ജീവചരിത്രക്കുറിപ്പ് രചന അവതരണം.<br>വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ. സാംസ്കാരിക ഉത്സവത്തിലെ മേഖലകൾ പരിചയപ്പെടുത്താൻ അവസരം നൽകൽ | ജൂൺ<br>60<br>മാർച്ച് | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ICT |

Basic Science - VII

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക് - ഔഷധച്ചെടികൾ, പച്ചക്കറി തോട്ടം, ശലഭോദ്യാനം, ആമ്പൽ, ജൈവവേലി, [illegible] എന്നിവയുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. തൊട്ടറിയാം [illegible] വയോജനങ്ങളിൽ നിന്ന് [illegible] സസ്യങ്ങൾ, കാവുകൾ സന്ദർശനം, പക്ഷിനിരീക്ഷണം [illegible]. പതിപ്പുകൾ. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര [illegible]. | വർഷം മുഴുവൻ<br>ജൂലൈ<br>ജൂൺ മുതൽ | HM<br>ക്ലാസ്ടീച്ചർ<br>ക്ലാസ്ടീച്ചർ | PTA |
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ | ശാസ്ത്ര വിസ്മയച്ചുമർ പാഠഭാഗവുമായി ബന്ധപ്പെട്ട | | | |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ പത്രം ക്ലാസിലും നിർമ്മിക്കൽ | അക്കാദമിക വർഷം. | ക്ലാസ് ടീച്ചർ | |
| | അഭിമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട് അവരോട് സംഘടിപ്പിച്ച് ചോദ്യങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | PTA |
| • ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ അറിയുന്നതിനും ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെ ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ISRO യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാനായി പുതിയ മേഖലകളുടെ, ശാസ്ത്രസാങ്കേതിക, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര ഫോട്ടോ പ്രദർശനവും ബന്ധപ്പെട്ട കൂടുതൽ അറിവുകൾ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിച്ചറിഞ്ഞ് നേടിയെടുക്കൽ | കേരളത്തിലെ ജില്ലകളെ തിരിച്ചറിയുവാനുള്ള പ്രവർത്തനങ്ങൾ പഠിതാവിനു നൽകുന്നു<br>സമൂഹത്തിൽ നിലനിൽക്കുന്ന ലഹരി, മൊബൈൽ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം സംഘടിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമിക വർഷാന്ത്യം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 4) സുസ്ഥിര വികസന കാഴ്ചപ്പാട് വളർത്തുന്നു | പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, ജലാശയങ്ങൾ, പാടങ്ങൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | " | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5) സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ അന്തർദേശീയ തലത്തിലേക്ക് | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഗണിതം
2025 - 26

## പ്രധാന ലക്ഷ്യങ്ങൾ :-

ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കുക.

വിനോദമായി പരിഹരിക്കുന്നതിന് ഗണിത വിജ്ഞാനം, ഉല്ലാസ ഗണിതം നടപ്പാക്കുക.

ഗണിത പഠനം ലളിതവും രസകരവുമാക്കാൻ വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.

ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.

രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിന് ഉറപ്പ് വരുത്തുക.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.

സംഖ്യാ പാറ്റേണുകൾ രൂപത്തിൽ ചെയ്യുന്നു.

ഗുണന പട്ടിക ഉപയോഗം തിരിച്ചറിയുന്നു.

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകരമാണെന്ന് കുട്ടികൾ തിരിച്ചറിയുന്നു.

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം തുടങ്ങിയ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവ പ്രയോഗിക്കാനും, വ്യാഖ്യാനിക്കാനും കഴിവ് വളർത്തുന്നു

- കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും പ്രാപ്തരാക്കുക.
- കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റ് നിർമ്മിക്കുകയും, ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നുചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യത ഉള്ളതിനാൽ രക്ഷിതാക്കൾ, കുട്ടികൾ, ബി. ആർ. സി തുടങ്ങിയവരുടെ സഹായത്തോടെ ഗണിതലാബ് ഒരുക്കുന്നു.

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാവർക്കും ഉറപ്പ് വരുത്തുക. | ഗണിത ശില്പശാല ആക്ടിവിറ്റിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിന് പ്രവർത്തനം നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടി, മുത്തുകൾ, കാർഡുകൾ ഉപയോഗിക്കും. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിത ശാസ്ത്രപഠനവും, കരചലന ശേഷികളുടെ വികാസം | ഒറിഗാമി ശില്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ നേടിയെടുക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപനിർമ്മാണം, ഗണിത സവിശേഷത പട്ടികപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം (സെപ്റ്റംബർ) | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് | ആവശ്യത്തിന് | ഗണിത അധ്യാപകരും, ക്ലബംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | | ഗണിത ക്ലബ്ബ് | |
| ഗണിത മേഖലയിൽ പ്രാവീണ്യം വർധിപ്പിക്കാൻ. | ഗണിതത്തിലെ (പ്രാവീണ്യ) മുള്ള അധ്യാപകരെക്കൊണ്ട് ക്ലാസുകൾ കൈകാര്യം ചെയ്യൽ | | ഗണിത അധ്യാപകർ, ക്ലാസ് ലീഡർ. | |

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യ സഹായ ഗണിത പഠനത്തിന് | ഐടി സാധ്യതകൾ, ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യത ഉപയോഗിച്ച് ചെയ്യിക്കുന്നു. | മാസത്തിൽ ഒന്ന്. | ഗണിത അധ്യാപകർ, | |
| ഗണിതത്തിൽ പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കാൻ. | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് അവർക്ക് പിന്തുണ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധ്യാപകർ സഹപാഠിയായ വിദ്യാർത്ഥികൾ. | |
| വിവിധ ശേഷികളുടെ വികാസം. | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ നടപ്പിലാക്കുന്നു. | ആവശ്യാനുസരണം. | എസ്. ആർ. ജി | |